"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - NMDFC (ദേശീയ ന്യൂന പക്ഷ ധനകാര്യ വികസന കോർപ്പറേഷൻ) & NSFDC (ദേശീയ പട്ടികജാതി വികസന കോർപ്പറേഷൻ) എന്നിവയുടെ സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായി പ്രവർത്തിക്കുന്ന കേരള കരകൗശല വികസന കോർപ്പറേഷന് 15 കോടി രൂപ വീതം ( ആകെ 30 കോടി ) ലോൺ ലഭ്യമാകുന്നതിന് ഗവൺമെന്റ് ഗ്യാരന്റി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(കൈ) നം.49/2022/ID   തീയതി,തിരുവനന്തപുരം, 09-06-2022

---

പരാമർശം:- 1. 23.03.2021 ലെ കേരള കരകൗശല മാനേജിംഗ് ഡയറക്ടറുടെ HDCK/P&A/2020-21/1800 നമ്പർ കത്ത്.

**ഉത്തരവ്**

ദേശീയ ന്യൂന പക്ഷ ധനകാര്യ വികസന കോർപ്പറേഷൻ (NMDFC), ദേശീയ പട്ടികജാതി വികസന കോർപ്പറേഷൻ (NSFDC) എന്നീ ദേശീയ സ്ഥാപനങ്ങളുടെ ചാനലൈസിങ് ഏജൻസിയായി കരകൗശല വികസന കോർപ്പറേഷനെ സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുണ്ടെന്നും ടി ഏജൻസികളുടെ സാമ്പത്തിക സഹായ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുവാൻ സർക്കാരിന്റെ അനുമതിയും ഗ്യാരന്റിയും ആവശ്യമാണെന്നും പരാമർശ പ്രകാരം കേരള കരകൗശല മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. NMDFC (ദേശീയ ന്യൂന പക്ഷ ധനകാര്യ വികസന കോർപ്പറേഷൻ) & NSFDC (ദേശീയ പട്ടികജാതി വികസന കോർപ്പറേഷൻ) എന്നിവയുടെ സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായി പ്രവർത്തിക്കുന്ന കേരള കരകൗശല വികസന കോർപ്പറേഷന് 15 കോടി രൂപ വീതം (ആകെ 30 കോടി) ലോൺ ലഭ്യമാകുന്നതിന് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഗവൺമെന്റ് ഗ്യാരന്റി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗ്യാരണ്ടി വ്യവസ്ഥകൾ

i. ഗ്യാരണ്ടി ആക്റ്റ് പ്രകാരവും 16.10.2004 ലെ. ജി.ഒ. (എം.എസ്) 487/04/ഫിൻ പ്രകാരവും 0.75% നിരക്കിൽ ഗ്യാരണ്ടി കമ്മീഷൻ തുക സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

ii. 16.10.2004 ലെ സർക്കാർ ഉത്തരവിലെ നിബന്ധന 5 പ്രകാരം വൈകിയ അടവുകൾക്ക് 12% സാധാരണ പലിശ ഈടാക്കുന്നതാണ്.

iii. പിഴപ്പലിശ ഉണ്ടെങ്കിൽ അതുൾപ്പെടെ ഗ്യാരണ്ടി കമ്മീഷൻ തുക അടച്ച ചെലാൻ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 16/08/2007-ാം തിയതിയിലെ 66/2007-ധന നമ്പർ സർക്കുലർ പ്രകാരം ഗ്യാരണ്ടി തുക, ബാക്കി നിൽക്കുന്ന തുക, ഗ്യാരണ്ടി കമ്മീഷൻ തുക

എന്നിവയുടെ വിവരങ്ങൾ (വിശദമായ കണക്കുകൾ സഹിതം) ഉൾപ്പെടുത്തിയ അർദ്ധ വാർഷിക റിപ്പോർട്ട് ധനകാര്യ വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്

iv. ഉടമ്പടി ഒപ്പ് വയ്ക്കുന്നതിന് മുമ്പ് ബാക്കി അടയ്ക്കാനുള്ള ഗ്യാരണ്ടി കമ്മീഷൻ തുക മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണ്.

v. ഗ്യാരണ്ടി ആക്ട് പ്രകാരം കമ്മീഷൻ ഒഴിവാക്കാൻ കഴിയാത്തതിനാൽ ഗ്യാരണ്ടി കമ്മീഷന്റെ കൃത്യമായ അടവ് ഉറപ്പ് വരുത്തുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ തുക അടച്ചതിന്റെ ത്രൈമാസ റിപ്പോർട്ട് മാനേജിംഗ് ഡയറക്ടർ മുടക്കം കൂടാതെ സമർപ്പിക്കേണ്ടതാണ്.

vi. ഗ്യാരണ്ടി ഉടമ്പടിയിൽ സർക്കാർ ഉത്തരവിന്റെ നമ്പർ, സർക്കാർ ഗ്യാരണ്ടിയുടെ തീയതി, ഗ്യാരണ്ടി തുക, എത്ര വർഷത്തേയ്ക്കാണ് ഗ്യാരണ്ടി നൽകുന്നത്, "21000കോടിരൂപ" എന്നതിന് പകരം 2018-ലെ കേരള ധനകാര്യ(2-ാം നമ്പർ) ആക്ട് പ്രകാരം "സംസ്ഥാന സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്, അതതു സാമ്പത്തിക വർഷത്തേയ്ക്ക് കണക്കാക്കുന്ന സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ അഞ്ച് ശതമാനം "എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതും, ഗ്യാരണ്ടി ഡീഡ് നിയമവകുപ്പ്.വെറ്റ് ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കരകൗശല വികസന കോർപ്പറേഷൻ, തിരുവനന്തപുരം

വ്യവസായ വാണിജ്യ ഡയറക്ടർ ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം

ധനകാര്യ വകുപ്പ് (1776432/പി.യു-ബി-3/2021, തീയതി 19.04.2022 പ്രകാരം)

പൊതുഭരണ (എസ്.സി)വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്, തിരുവനന്തപുരം

ഐ& പി.ആർ.ഡി (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.വ്യവസായ വകുപ്പ മന്ത്രിയുടെ പി.എസിന്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്